# 14-ാം കേരള നിയമ സഭ

## 2-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 458** **24.10.2016-ൽ മറുപടിയ്ക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പി.സി. ജോർജ് :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച ജെയിംസ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശം ലംഘിച്ച് പ്രവേശനം നടത്തിയ എത്ര കോളേജുകൾ ഉണ്ട് ; ഇവ ഏതൊക്കെയെന്ന് അറിയിക്കാമോ ; | (എ) രണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരകണ്ടി, കണ്ണൂർ, കരുണാ മെഡിക്കൽ കോളേജ്, പാലക്കാട് എന്നീ സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് ജെയിംസ് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശം ലംഘിച്ച് പ്രവേശനം നടത്തിയവ. |
| (ബി) പ്രസ്തുത കോളേജുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;<br><br>(സി) ഈ കോളേജുകൾ എന്തൊക്കെ മാർഗ്ഗനിർദ്ദേശ ലംഘനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) & (സി) ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിലെ സുതാര്യതയില്ലായ്മയും അപേക്ഷകരുടെ ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, അലോട്ട്മെന്റ് ലിസ്റ്റ് എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തതും അപേക്ഷാ സമർപ്പണത്തിന് വെബ്സൈറ്റ് സൗകര്യം പലപ്പോഴും ലഭ്യമാക്കാതിരുന്നതിന്റെയും മറ്റും അടിസ്ഥാനത്തിൽ കണ്ണൂർ മെഡിക്കൽ കോളേജ്, കരുണാ മെഡിക്കൽ കോളേജ് എന്നീ കോളേജുകളിലെ പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി 02.10.2016 – ലെ ഉത്തരവിലൂടെ റദ്ദാക്കുകയുണ്ടായി. ഇത്തരത്തിൽ പ്രവേശനം റദ്ദ് ചെയ്ത അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ട് ഈ രണ്ടു മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഇതിന്മേൽ ടി കോളേജുകളിലെ അപേക്ഷകരേയും |

അപേക്ഷ നിരസിക്കപ്പെട്ടവരേയും പ്രവേശനം നേടിയവരേയും പ്രവേശനം സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിക്ക് പരാതി നൽകിയവരേയും പരിഗണിച്ച കൊണ്ട് പ്രവേശനം പൂർത്തിയാക്കേണ്ട അവസാന തിയതിയായ 07.10.2016 ന് തന്നെ പ്രവേശന നടപടികളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനും മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പ വരുത്തുന്നതിനും പ്രവേശന പരീക്ഷ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 06.10.2016 ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. കൂടാതെ ഇതു സംബന്ധിച്ച റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കാനും പ്രവേശന പരീക്ഷ കമ്മീഷണറോട് നിർദേശിച്ചിരുന്നു. എന്നാൽ കോടതി ഉത്തരവിൽ പരാമർശിച്ചിരുന്ന പ്രവേശനം സംബന്ധിക്കുന്ന ആധികാരികമായ രേഖകളൊന്നും തന്നെ കണ്ണൂർ മെഡിക്കൽ കോളേജധികാരികൾ ഹാജരാക്കിയിരുന്നില്ല. ഹാജരാക്കിയ ഏതാനും രേഖകൾ ആധികാരികമോ വ്യക്തതയുള്ളതോ അപേക്ഷകരുടെ റാങ്ക്, കാറ്റഗറി എന്നിവ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതോ ആയിരുന്നില്ല. കൂടാതെ കോളേജിനെ പ്രതിനിധീകരിച്ച വന്നവർ സ്പോട്ട് അഡ്മിഷൻ പ്രക്രിയയിൽ സഹകരിക്കുകയോ ഹാജർ പോലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കോളേജ് അധികൃതരുടെ നിസ്സഹകരണവും പൂർണ്ണമായ വിവരങ്ങളുടെ അഭാവവും മൂലം കണ്ണൂർ മെഡിക്കൽ കോളേജിലെ പ്രവേശനം സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്താനോ മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം ഉറപ്പ് വരുത്താനോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിച്ചിട്ടില്ല. പാലക്കാട് കരുണാ മെഡിക്കൽ കോളേജധികൃതർ

ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ സംബന്ധിച്ച വിവരങ്ങൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് കരുണാ മെഡിക്കൽ കോളേജധികൃതർ പ്രവേശനം നൽകിയിരുന്ന 70 വിദ്യാർത്ഥികളുൾപ്പെടെ അർഹരായ 100 വിദ്യാർത്ഥികളെ തെരഞ്ഞെടുത്തു. നേരത്തെ പ്രവേശനം നേടിയിരുന്നവരിൽ ക്രമവിരുദ്ധമായി പ്രവേശനം നേടിയതായി കണ്ടെത്തി ഒഴിവാക്കപ്പെട്ട 30 വിദ്യാർത്ഥികളുടെ ലിസ്റ്റും തയ്യാറാക്കി.

ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ടും ലിസ്റ്റുകളും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 13.10.2016 ന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ബഹു. ഹൈക്കോടതി നിർദേശം അനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**